ഭരണഭാഷ – മാതൃഭാഷ
**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - വാച്ച്മാൻ തസ്തികയിൽ നിന്ന് ഓഫീസ് അറ്റൻഡൻറ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം - കോട്ടയം ജില്ല - ഉത്തരവ് – പുറപ്പെടുവിക്കുന്നു

---

**ജീവനക്കാര്യം (ഡി) വിഭാഗം**

**നം. DTETVM/1626/2024-ED3** **തീയതി: 22-10-2026**

---

വായന:- 1) ഈ കാര്യാലയത്തിൽ നിന്നുള്ള 27.09.2026 തീയതിയിലെ DTETVM/1626/2024-ED3 നമ്പർ ഉത്തരവ്

2) കടുത്തുരുത്തി സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൻറെ 29.09.2026 തീയതിയിലെ GPCKDY/146/2026-E നമ്പർ കത്ത്

3) ഈ കാര്യാലയത്തിൽ നിന്നുള്ള 28.09.2026 തീയതിയിലെ DTETVM/5987/2026-EG4 നമ്പർ നടപടിക്രമം

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കോട്ടയം ജില്ലയിലെ വാച്ച്മാൻ തസ്തികയിലെ ജീവനക്കാർക്ക് വായന (1) പ്രകാരം തസ്തികമാറ്റം അനുവദിച്ച് ഉത്തരവായിരുന്നു. ഈ ഉത്തരവ് പ്രകാരം ഓഫീസ് അറ്റൻഡൻറ് ആയി തസ്തികമാറ്റം അനുവദിച്ചിരുന്ന കടുത്തുരുത്തി സർക്കാർ പോളിടെക്നിക് കോളേജിലെ വാച്ച്മാൻ ശ്രീ നിതിൻ കെ.എസ് വ്യക്തിപരമായ കാരണങ്ങളാൽ തന്റെ ഓഫീസ് അറ്റൻഡൻറായുള്ള തസ്തികമാറ്റ നിയമനം റദ്ദ് ചെയ്ത് നിലവിലെ സ്ഥാപനത്തിൽ വാച്ച്മാൻ തസ്തികയിൽ തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വായന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കടുത്തുരുത്തി സർക്കാർ പോളിടെക്നിക് കോളേജിലെ വാച്ച്മാൻ ആയ ശ്രീ നിതിൻ കെ.എസ്-ന്റെ ഓഫീസ് അറ്റൻഡൻറ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം റദ്ദ് ചെയ്യും, ആയത് മുഖേന കാഞ്ഞിരിപ്പള്ളി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ നിലവിലുള്ള ഓഫീസ് അറ്റൻഡൻറ് ഒഴിവിലേയ്ക്ക് വായന (3) പട്ടികയിലെ ക്രമം നം. 67 ആയ കോട്ടയം സർക്കാർ പോളിടെക്നിക് കോളേജിലെ വാച്ച്മാൻ ശ്രീ അജു.എം. (പെൻ 1004480)-ന് ഓഫീസ് അറ്റൻഡൻറ് ആയി തസ്തികമാറ്റം അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു.

കോട്ടയം സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ടി ജീവനക്കാരനെ വിടുതൽ ചെയ്യേണ്ടതും സ്ഥാപനമേധാവികൾ വിടുതൽ/ചേരുംകാലം യഥാസമയം കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്. തസ്തികമാറ്റം മുഖേന വാച്ച്മാൻ തസ്തികയിലുണ്ടാകുന്ന ഒഴിവ് സ്ഥാപന മേധാവി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 22-10-2026
16:33:22

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്:-

1) ബന്ധപ്പെട്ട ജീവനക്കാർക്കും സ്ഥാപന മേധാവികൾക്കും (വെബ്സൈറ്റ് മുഖേന)
2) ഡിടിഇ, ഐടി ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
3) ഇ - ഓഫീസ് കരുതൽ ഫയൽ